(ബി) ഇപ്പോഴും താലൂക്കുതലത്തിൽ നിന്നു പല കൽപ്പനകളും ഇംഗ്ലീഷിൽത്തന്നെയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത് എന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭരണഭാഷ മലയാളമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) കേരളത്തിൽ ഭരണഭാഷ മലയാളമാക്കുവാനുള്ള തീരുമാനം ഒരു സമയബന്ധിത പരിപാടിയനുസരിച്ച് നടപ്പാക്കി വരികയാണ്.

(ബി) സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും 5 വർഷംകൊണ്ട് മലയാളം ഔദ്യോഗികഭാഷയാക്കണമെന്നാണ് സർക്കാരിന്റെ തീരുമാനം. അതിന്റെ ആദ്യപടിയായി 1.9.1985 മുതൽ പഞ്ചായത്ത്, മുനിസിപ്പൽ ഭരണം, വനം, സഹകരണം, ഹരിജനക്ഷേമം, ഗിരിജനക്ഷേമം, മത്സ്യബന്ധനം, ആർക്കിയോളജി എന്നീ 8 വകുപ്പുകളിലും വില്ലേജ് മുതൽ സെക്രട്ടേറിയറ്റ് തലംവരെ മലയാളം ഔദ്യോഗികഭാഷയാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞു. മേൽപ്പറഞ്ഞ 8 വകുപ്പുകളൊഴിച്ച് താലൂക്കു തലത്തിലും മറ്റും ചിലപ്പോൾ ഇപ്പോഴും ഇംഗ്ലീഷ് തുടരുന്നുണ്ടാകാം. കാരണം ആ വകുപ്പുകളിൽ മലയാളം നിർബന്ധമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. പക്ഷേ മലയാളം ഔദ്യോഗികഭാഷയാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞ വകുപ്പുകളെ സംബന്ധിച്ചിടത്തോളം വില്ലേജ് തലം മുതൽ സെക്രട്ടേറിയറ്റുവരെ ഔദ്യോഗികഭാഷ മലയാളമാക്കിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 1986-ൽ മറ്റു 13 വകുപ്പുകളിൽക്കൂടി മലയാളം ഔദ്യോഗികഭാഷയാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികളും എടുത്തുവരുന്നു.

(സി) അതിനുള്ള നടപടി ഊർജ്ജിതമായി സ്വീകരിച്ചുവരികയാണ്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

"മുഖ്യമന്ത്രി ഒരു വർഷത്തിനിടയിൽ നടത്തിയ ഡൽഹി, ഗുരുവായൂർ, കോഴിക്കോട് യാത്രകൾ"

710 [835] ശ്രീ. കെ. ടി. കുഞ്ഞാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു കൊല്ലക്കാലത്തേക്ക് മുഖ്യമന്ത്രി എത്ര പ്രാവശ്യം ഡൽഹി, ഗുരുവായൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചിട്ടുണ്ട്;

(ബി) എത്ര സംഖ്യ ഈ യാത്രാ പരിപാടികൾക്ക് ചെലവായിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1985 ജൂൺ 1 മുതൽ 1986 മേയ് 31 വരെ മുഖ്യമന്ത്രി 24 പ്രാവശ്യം ഡൽഹിയും 34 പ്രാവശ്യം ഗുരുവായൂരും 18 പ്രാവശ്യം കോഴിക്കോടും സന്ദർശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിമാന ടിക്കറിന്റെ വില ഉൾപ്പെടെ 74,120 രൂപ ഡൽഹി യാത്രകൾക്ക് ചെലവായിട്ടുണ്ട്. ഇതിൽ 11,405 രൂപ ഇൻസിഡൻറൽ ചാർജും ഡി. എ. യും ഇനത്തിൽ ചെലവായിട്ടുള്ളതാണ്. മറ്റു സ്ഥലങ്ങളിലേയ്ക്കുള്ള യാത്രകളോടൊപ്പമാണ് കോഴിക്കോട്ടേക്കും ഗുരുവായൂർക്കും പോയിട്ടുള്ളത്. എന്നതുകൊണ്ട് ഇതിലേയ്ക്കുള്ള ചെലവ് പ്രത്യേകമായി കണക്കാക്കിയിട്ടില്ല. ഔദ്യോഗിക പരിപാടികളില്ലാത്ത ഗുരുവായൂർ യാത്രയ്ക്ക് ടി. എ. വാങ്ങിയിട്ടില്ല.

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സെമിനാറുകൾക്ക് ധനസഹായം

711 [836] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശാസ്ത്രസാങ്കേതിക പരിസ്ഥിതി കമ്മിറ്റി 1983–84, 1984–85, 1985–86 എന്നീ സാമ്പത്തിക വർഷങ്ങളിൽ നടത്തിയ ഏതെല്ലാം സെമിനാറുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്;

(ബി) ഓരോന്നിനും എത്ര രൂപ വീതം;

(സി) ഏതെല്ലാം പ്രോജക്ടുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്; എത്ര രൂപ വീതം;

(ഡി) പ്രോജക്ടുകൾ ഏറെടുത്തത് ആരെല്ലാം എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) സെമിനാർ, വർക്ക്ഷോപ്പ്, സിമ്പോസിയം ഇവയ്ക്കായി 1983–84-ൽ 80,750 രൂപയും 1984–85-ൽ 77,131 രൂപയും 1985–86-ൽ 2,42,195 രൂപ 28 പൈസയും ധനസഹായമായി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം ഒന്ന്, രണ്ട്, മൂന്ന് എന്നിവയിൽ യഥാക്രമം ഇതോടൊപ്പം ചേർത്തിട്ടുണ്ട്‡.

(സി, ഡി) 1983.84-ൽ 2 പ്രോജക്ടുകൾക്കായി 62,000 രൂപയും 1984.85-ൽ 28 പ്രോജക്ടുകൾക്കായി 4,87,362 രൂപയും 1985.86-ൽ 55 പ്രോജക്ടുകൾക്കായി 10,62,242 രൂപ 50 പൈസയും ധനസഹായം നൽകിയിട്ടുണ്ട്. ഓരോ പ്രോജക്ടിനും അനുവദിച്ച ധനസഹായവും അത് ഏറെടുത്തു നടത്തിയ സ്ഥാപനത്തിന്റെ പേരും അനുബന്ധം നാല്, അഞ്ച്, ആറ് എന്നിവയിൽ യഥാക്രമം ചേർത്തിട്ടുണ്ട്.

''ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറ്-ൽ (ഐ. എം. ജി.) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നവർ''

712 [837] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറ് (ഐ. എം. ജി.) എന്ന സ്ഥാപനത്തിൽ മൊത്തം എത്ര പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നുണ്ട്;

‡ അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly